**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3791** **27-06-2024 - ൽ മറുപടിയ്ക്ക്**

**കോളേജ് തലത്തിൽ പ്രൊഫഷണൽ ലീഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായികവിനോദങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കോളേജ് തലത്തിൽ പ്രൊഫഷണൽ ലീഗ് നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>കോളേജ് തലത്തിൽ കായികവിനോദങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് കോളേജ് സ്പോർട്സ് ലീഗ് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കോളേജ് തലത്തിൽ കായിക താരങ്ങൾക്ക് കൂടുതൽ മത്സരങ്ങൾ ലഭ്യമാക്കുക, കൂടുതൽ വിദ്യാർത്ഥികളെ കേരളത്തിലെ കോളേജുകളിലേയ്ക്ക് ആകർഷിക്കുക, കോളേജ് സ്പോർട്സ് ക്ലബുകളിലൂടെ നേതൃപാടവും സംരംഭകത്വ മനോഭാവവും വളർത്തുക എന്നിവയാണ് ലീഗിലൂടെ ലക്ഷ്യമാക്കുന്നത്. കോളേജുകളിൽ ആരംഭിക്കുന്ന കോളേജ് സ്പോർട്സ് ക്ലബുകൾ മുഖേനയാണ് മത്സരങ്ങൾ സംഘടിപ്പിക്കുക. ക്ലസ്റ്റർ, ജില്ല, സോണൽ, സംസ്ഥാന തലങ്ങളിലായി കുറഞ്ഞത് മൂന്നു മാസമെങ്കിലും നീണ്ടുനിൽക്കുന്ന ലീഗാണ് വിഭാവനം ചെയ്യുന്നത്. |
| (ബി) | ഏതെല്ലാം കായികയിനങ്ങളാണ് പ്രൊഫഷണൽ ലീഗിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളത് എന്നറിയിക്കാമോ? | (ബി) | എല്ലാ ജനപ്രിയ കായിക ഇനങ്ങളിലും 'ഹോം- എവേ' മാതൃകയിൽ കോളേജ് ലീഗ് സംഘടിപ്പിക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്. പ്രാഥമിക ഘട്ടത്തിൽ ഫുട്ബോൾ, ക്രിക്കറ്റ്, ബാസ്കറ്റ്ബോൾ, വോളിബോൾ എന്നിങ്ങനെ നാലോ അഞ്ചോ ഇനങ്ങളിലാണ് ലീഗ് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ